5698
20/3/18

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ബുധൻ<br>Thiruvananthapuram, Wednesday | 2018 ഫെബ്രുവരി 14<br>14th February 2018<br>1193 കുംഭം 2<br>2nd Kumbham 1193<br>1939 മാഘം 25<br>25th Magha 1939 | നമ്പർ<br>No. 356 |

## കേരള സർക്കാർ

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 3/2017/മതുവ. *തിരുവനന്തപുരം, 2018 ഫെബ്രുവരി 7*
*1193 മകരം 24.*

**എസ്. ആർ. ഒ. നമ്പർ 84/2018.**—2014-ലെ കേരള മത്സ്യവിത്ത് ആക്റ്റ് (2015-ലെ 4-ാം ആക്റ്റ്) 3-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് പ്രസ്തുത ആക്റ്റ് 5-ാം വകുപ്പ് ഉപവകുപ്പുകൾ (1)-ലും (2)-ലും നിഷ്കർഷിച്ചിട്ടുള്ള പ്രകാരം താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കേരള സർക്കാർ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം രൂപീകരിച്ച് ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/579/2018/S-25.

| | | |
|---|---|---|
| 1. | ഡോ. കെ. എസ്. പുരുഷൻ,<br>കിഴക്കേവീട്ടിൽ, 7/398,<br>നായരമ്പലം പി. ഒ.,<br>കൊച്ചി-682 509 | .. ചെയർപേഴ്സൺ |
| 2. | ഫിഷറീസ് ഡയറക്ടർ | .. എക്സ് ഒഫീഷ്യോ അംഗം |
| 3. | ശ്രീ. റ്റി. പുരുഷോത്തമൻ,<br>ആസാദ് ഭവൻ,<br>പയ്യന്നൂർ പി. ഒ.-670 307 | .. അംഗം<br>(മത്സ്യവിത്ത് കർഷകരുടെ പ്രതിനിധി) |
| 4. | ഡോ. വൈ. വി. തമ്പി സാംരാജ്,<br>IV/1612-1, ചെല്ല ഭവൻ,<br>കെസ്റ്റോറോഡ്,<br>തിരുവനന്തപുരം-695 003 | .. അംഗം<br>(ഹാച്ചറി പ്രവർത്തകരുടെ പ്രതിനിധി) |
| 5. | ഡോ. സി. മോഹനകുമാരൻ നായർ,<br>സാകല്യം,<br>വിക്രം സാരാഭായ് റോഡ്,<br>മരട് പി. ഒ.,<br>കൊച്ചി-682 304 | .. അംഗം<br>(ഉൾനാടൻ ഫിഷറീസ് വിദഗ്ദ്ധൻ) |
| 6. | ഡോ. കെ. കെ. അപ്പുക്കുട്ടൻ,<br>അനുരാധ്, അക്ഷയ നഗർ-20,<br>കടപ്പാക്കട പി. ഒ., കൊല്ലം-8 | .. അംഗം<br>(മറൈൻ ഫിഷറീസ് വിദഗ്ദ്ധൻ) |
| 7. | എക്സിക്യൂട്ടീവ് ഡയറക്ടർ,<br>അഡാക്ക്, തിരുവനന്തപുരം | .. അംഗം |
| 8. | ശ്രീമതി ലതി, കെ. എം.,<br>അഡീഷണൽ ഡയറക്ടർ,<br>ഫിഷറീസ് | .. മെമ്പർ സെക്രട്ടറി. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ശ്രീനിവാസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

# വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

മത്സ്യവിത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും വിപണനവും സംഭരണവും നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതാണ് 2014-ലെ കേരള മത്സ്യവിത്ത് ആക്റ്റ് (2015-ലെ 4). സർക്കാരിന് വിജ്ഞാപനത്തിലൂടെ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം സ്ഥാപിക്കുന്നതിന് പ്രസ്തുത ആക്റ്റിന്റെ 3-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു. വകുപ്പ് 4 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള കർത്തവ്യങ്ങൾ യഥാസമയം കാര്യക്ഷമതയോടെ നിർവ്വഹിക്കുന്നതിന് മത്സ്യവിത്ത് കേന്ദ്രം രൂപീകരിക്കേണ്ടത് ആവശ്യമായതിനാലും സംസ്ഥാനത്ത് ഉൽപാദിപ്പിക്കപ്പെടുന്നതും വിപണനം നടത്തുന്നതുമായ മത്സ്യവിത്തിന്റെയും മത്സ്യകൃഷിക്കുമുള്ള മത്സ്യത്തീറ്റയുടെയും ഗുണനിലവാര ക്രമീകരണവും ഉറപ്പാക്കി കർഷകർക്ക് ലഭ്യമാക്കേണ്ടതുള്ളതിനാലും വകുപ്പ് 5-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഗസറ്റ് വിജ്ഞാപനംമൂലം സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---